പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1330

13.12.2012ൽ
മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളിലെ ജീവനക്കാരുടെ ക്രമീകരണം

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പ്രതിമാസം 5 ലക്ഷംരൂപയിൽ താഴെ മാത്രം വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ എത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

എ) സംസ്ഥാനത്ത് 5 ലക്ഷം രൂപയിൽ താഴെ വിറ്റു വരവുള്ള 620 മാവേലി സ്റ്റോറുകളാണുള്ളത്. ആയതിന്റെ വിശദാംശം മേഖലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| തിരുവനന്തപുരം | കോട്ടയം | എറണാകുളം | പാലക്കാട് | കോഴിക്കോട് |
|---|---|---|---|---|
| 91 | 111 | 101 | 181 | 136 |

ബി) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മാവേലിസ്റ്റോറുകളിലെ ജീവനക്കാരുടെ വിനിയോഗം ക്രമപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; ഈ ക്രമീകരണത്തിന്റെ ഭാഗമായി ദിവസക്കൂലി അടിസ്ഥാനത്തിലും അല്ലാതെയും ജോലി ചെയ്യുന്ന എത്ര പേർഅധികമായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അധികമാണെന്ന് കരുതുന്നവർ എത്ര ; ഇവരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ബി) 1.9.12, 29.9.12 തീയതികളിലെ 16/2012 നം. സർക്കുലറുകൾ പ്രകാരം മാവേലിസ്റ്റോറിൽ ജീവനക്കാരെ ക്രമീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ദിവസക്കൂലി അടിസ്ഥാനത്തിലും അല്ലാതെയും ജോലി ചെയ്തിരുന്ന ജീവനക്കാർ ഈ ക്രമീകരണത്തിന്റെ ഫലമായി അധികമായിട്ടുണ്ടോ എന്ന് കണക്കാക്കിയിട്ടില്ല.

സി) എത്ര മാവേലി സ്റ്റോറുകൾ അടച്ചു പൂട്ടേണ്ടവയുണ്ടെന്ന് കരുതുന്നു ; ഇതിനകം അടച്ചു പൂട്ടിയവ എത്രയെന്ന് വിശദമാക്കാമോ ?

സി) സംസ്ഥാനത്ത് നിലവിൽ 70 ഓളം മാവേലി സ്റ്റോറുകൾ BEP (Break Even Point) ൽ താഴെ ആണ് പ്രവർത്തിക്കുന്നത്. ഇവയെ BEP യുടെ മുകളിൽ ഉയർത്തുവാൻ എല്ലാ ശ്രമങ്ങളും നടത്തി വരുന്നു. ഇതുവരെ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല.

Beena
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**